പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:103 11/06/2012 - ൽ മറുപടിക്ക്

**ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്ന പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന ഭവനനിർമ്മാണപദ്ധതിയിൽ സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി നൽകുന്നതിനും വീട് നിർമ്മിച്ച് നൽകുന്നതിനുമുള്ള പദ്ധതി സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ; | (എ) മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയിൽ സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി നൽകുന്നതിനും വീട് നിർമ്മിച്ച് നൽകുന്നതിനുമുള്ള പദ്ധതി ഇല്ല. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ? | (ബി) സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീടു നിർമ്മിച്ചു നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുന്നതിനായി രണ്ടു |

ലക്ഷം രൂപാ വീതം 500 കുടുംബ ങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്ന പദ്ധതിക്ക് 10 കോടി രൂപ യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവ് 2012-13 സാമ്പത്തിക വർഷത്തിൽ മാത്രമേ നിർവ്വഹിക്കാവൂ എന്നും ഉത്തരവായി ട്ടുണ്ട്. ഈ സാമ്പത്തിക വർഷം 400 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തി നായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 800 വീടുകൾക്ക് 50000 രൂപ വീതം നൽകുന്നതിനാണ് തുക വകയിരുത്തിയി ട്ടുള്ളത്. ഈ തുക അപര്യാപ്തമായതി നാൽ 800 വീടുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ അനുവദിക്കുന്നതും 12 കോടി രൂപ അധികം അനുവദിക്കുന്നതും സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ